വൈക്കത്തെ മോഡേൺ റൈസ് മില്ലിന്റെ നിർമ്മാണം

72 (1867) ശ്രീ. പി. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെൽകൃഷിയുടെ പുരോഗതിക്കായി കൃഷിവകുപ്പിന്റെ കീഴിൽ വൈക്കത്ത് അനുവദിച്ച ആധുനിക രീതിയിലുള്ള മോഡേൺ റൈസ് മില്ലിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്നറിയിക്കുമോ ;

(ബി) ഇതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് സർക്കാർ അടിയന്തിര നിർദ്ദേശം നൽകുമോ ;

(സി) നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കി എപ്പോൾ പ്രവർത്തനം തുടങ്ങാനാവുമെന്ന് അറിയിക്കുമോ ?

ഉത്തരം

(എ-സി) നെൽകൃഷിയുടെ പുരോഗതി ലക്ഷ്യമിട്ടുകൊണ്ട് വൈക്കത്ത് ആധുനിക രീതിയിലുള്ള റൈസ് മില്ലിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ 2002 ജൂൺ മാസത്തിൽ ആരംഭിച്ചു. നിർമ്മാണ പ്രവർത്തനങ്ങൾക്കായി 100.17 ലക്ഷം രൂപയുടെ അനുമതി നൽകുകയും 40 ലക്ഷം രൂപ നിർമ്മിതി കേന്ദ്രത്തിനു നൽകുകയും ചെയ്തു. മില്ലു സ്ഥാപിക്കുന്നതിനാവശ്യമായ സ്ഥലം ശരിയാക്കുന്ന ജോലിയുടെ 75% -ഉം ഫാക്ടറി കെട്ടിട നിർമ്മാണത്തിന്റെ ഏതാണ്ട് 50% -ഉം പൂർത്തിയായിട്ടുണ്ട്. മില്ലിന്റെ നിർമ്മാണ പ്രവർത്തനങ്ങളും അവയുടെ പുരോഗതിയും മറ്റും അവലോകനം ചെയ്ത് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

കൃഷിമേഖലയുടെ വികസനത്തിനായി നടത്തിയ പ്രവർത്തനങ്ങൾ

73 (1868) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാർഷിക മേഖലയിൽ വികസനത്തിന് വകയിരുത്തിയ തുകയിൽ ഓരോവർഷവും ചെലവഴിച്ച തുക ഇനം തിരിച്ച് വിശദമാക്കാമോ ;

(ബി) ഇപ്രകാരം വകയിരുത്തിയ തുക ചെലവഴിക്കാൻ കഴിഞ്ഞിട്ടില്ലങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ ;

(സി) 2002 ഫെബ്രുവരി മാസത്തിൽ കാർഷികമേഖലയ്ക്ക് മാത്രമായി എന്തെങ്കിലും തുക പ്രഖ്യാപിച്ചിട്ടുണ്ടോ ;

(ഡി) എങ്കിൽ അതെത്രയാണ് ;

(ഇ) അതിൽ എന്തു തുക ചെലവഴിച്ചുവെന്ന് വെളിപ്പെടുത്താമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഈ സർക്കാർ അധികാരമേറ്റതിനുശേഷം 2001-2002, 2002-2003 എന്നീ സാമ്പത്തികവർഷങ്ങളിൽ കാർഷിക മേഖലയിലെ വികസനത്തിനായി വകയിരുത്തിയ തുകയും ചെലവഴിച്ച തുകയും ഇനം തിരിച്ച് ചുവടെ ചേർക്കുന്നു.

ഇനം	2001-02 വകയിരുത്തിയ തുക	2001-02 ചെലവഴിച്ച തുക	2002-03 വകയിരുത്തിയ തുക	2002-03 ചെലവഴിച്ച തുക
1. സംസ്ഥാന പദ്ധതികൾ	8209.97	6452.42	9393.27	8814.64
2. 50-75 ശതമാനം കേന്ദ്ര സഹായം ലഭിക്കുന്ന പദ്ധതികൾ	178.00	82.15	136.00	61.26
3. 100 ശതമാനം കേന്ദ്ര സഹായം ലഭിക്കുന്ന പദ്ധതികൾ	1131.12	454.78	2157.00	660.37
4. മാക്രോ മാനേജ്മെന്റ് പദ്ധതികൾ (90 ശതമാനം കേന്ദ്ര സഹായം)	4156.94	4074.82	3908.00	2511.59
ആകെ	13676.03	11064.17	15594.27	12047.86

(ബി) 2001-2002 വർഷത്തിൽ വാർഷിക പദ്ധതിയിൽ മൊത്തത്തിൽ വരുത്തിയ 25 ശതമാനം കുറവുമൂലം സംസ്ഥാന പദ്ധതികൾക്ക് തുക മുഴുവൻ ചെലവഴിച്ചിട്ടില്ല. കൂടാതെ ട്രഷറി നിയന്ത്രണങ്ങൾ, കേന്ദ്രാവിഷ്കൃത പദ്ധതികളിൽ ബഡ്ജറ്റിൽ വകയിരുത്തിയ തുകയ്ക്ക് പൂർണ്ണമായും കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിക്കാത്തതുമൂലം, പദ്ധതികളിൽ കർഷകർക്കുള്ള താല്പര്യ കുറവുമൂലം ഭൗതികലക്ഷ്യവും സാമ്പത്തികലക്ഷ്യവും കൈവരിക്കാനുള്ള ബുദ്ധിമുട്ട്, 2001-2002 വർഷത്തിൽ ഫെബ്രുവരി-മാർച്ച് മാസങ്ങളിൽ സർക്കാർ ജീവനക്കാർ നടത്തിയ സമരം എന്നീ കാരണങ്ങളാലും വകയിരുത്തിയ തുക പൂർണ്ണമായും ചെലവഴിക്കാൻ സാധിച്ചിട്ടില്ല.

(സി&ഡി) 2002 ഫെബ്രുവരി മാസത്തിൽ സംസ്ഥാനത്തെ കർഷകർക്ക് ആശ്വാസം നൽകുന്നതിനായി 95 കോടി രൂപയുടെ ഒരു പ്രത്യേക പാക്കേജ് പദ്ധതി പ്രഖ്യാപിക്കുകയുണ്ടായി.

(ഇ) വിവരം ശേഖരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly